# Malayala Manorama
# 29 August 2018
# Ponnani, After Flood, Cause of Flood

## പ്രളയക്കെടുതിയുടെ കാരണം കേന്ദ്രം അന്വേഷിക്കണം: കൃഷ്ണദാസ്

കൊല്ലം • സംസ്ഥാനത്തെ പ്രളയക്കെടുതിക്കു കാരണം ഡാമുകൾ ഒന്നിച്ചു തുറന്നുവിട്ടതാണോയെന്ന് അന്വേഷിക്കാൻ കേന്ദ്ര സർക്കാർ ഉന്നതതല വിദഗ്ധസംഘത്തെ നിയോഗിക്കണമെന്നു ബിജെപി ദേശീയ എക്സിക്യൂട്ടീവ് അംഗം പി.കെ.കൃഷ്ണദാസ്.

സംസ്ഥാനത്തുണ്ടായതു പ്രകൃതിദുരന്തമല്ല; മനുഷ്യനിർമിത കൂട്ടക്കുരുതിയാണെന്ന് അദ്ദേഹം ആരോപിച്ചു.

ഇനി ദുരന്തമുണ്ടാകാതിരിക്കാൻ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ചു വ്യക്തത വരുത്താൻ ബിജെപി ഹരിത ട്രൈബ്യൂണലിനെ സമീപിക്കും. പ്രളയകാലത്തെ ഡാമുകളുടെ പ്രവർത്തനത്തെക്കുറിച്ചു വിശദീകരിക്കാൻ സംസ്ഥാന സർക്കാർ ധവളപത്രമിറക്കണം. കേന്ദ്രത്തിൽനിന്നു പണം ആവശ്യപ്പെടുന്നതിനു പകരം സംസ്ഥാനം വിശദമായ പദ്ധതികൾ സമർപ്പിക്കുകയാണു വേണ്ടതെന്നും പി.കെ.കൃഷ്ണദാസ് പറഞ്ഞു.